അതിന്റെ മുന്നോടിയായി ജില്ലാ ഗ്രാമീണ റോഡുകളുടെ പ്ലാനുകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടിയെടുത്തിട്ടുണ്ട്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിൽതന്നെ പി.എം.ജി.എസ്.വൈ. 2-ലേക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി യുദ്ധകാല അടിസ്ഥാനത്തിൽ ജില്ലകളിൽ പുരോഗമിക്കുകയാണ്.

പ്രൊമോഷൻ നൽകുന്നതിനുള്ള മാനദണ്ഡം

13 (5360) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിൽ നോൺ ഗസറ്റഡ് തസ്തികയിൽ നിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് മെറിറ്റ് കം സീനിയോറിറ്റി മാനദണ്ഡമാക്കിയിരുന്ന നയം മാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പകരം സ്വീകരിച്ച നയമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമവികസന വകുപ്പിലെ ഹി.ഇ.ഒ.-മാരിൽ നിന്നും ബി.ഡി.ഒ.-തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് അധിക വിദ്യാഭ്യാസ യോഗ്യതയായ ബിരുദം നിർബന്ധമാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പൊതുനയത്തിനെതിരായ ഈ നടപടി പുനഃപരിശോധിക്കുമോ ; വിശദമാക്കാമോ ;

(ഇ) ഇതുമൂലം 25-ഉം 30-ഉം വർഷങ്ങൾ സർവ്വീസുള്ളവർപോലും ഡിഗ്രി ഇല്ലാത്തതിന്റെ പേരിൽ പ്രൊമോഷൻ ലഭിക്കാതെ പിരിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) ഗ്രാമവികസന വകുപ്പിൽ നോൺ ഗസറ്റഡ് തസ്തികയിൽനിന്നും ഗസറ്റഡ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത് 16-2-2011-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾ (ജി.ഒ.(പി)നമ്പർ.44/2011/എൽ.എസ്.ജി.ഡി.)-ന്റെ അടിസ്ഥാനത്തിലാണ്.

(സി) ഉണ്ട്.

(ഡി) പരിശോധനയിലാണ്.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly